**പതിമൂന്നാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)

**എട്ടാമത് റിപ്പോർട്ട്**

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-04)-യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2015 ജൂലൈ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)

## എട്ടാമത് റിപ്പോർട്ട്

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-04)-യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

(2015 ജൂലൈ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

807/2015.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 7 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2014-2016)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2001-04)-യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ഫെബ്രുവരി 25-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

**ജോസ് തെറ്റയിൽ,**

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 7.

# റിപ്പോർട്ട്

## അദ്ധ്യായം I

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-2004) 2003 ജൂൺ 16-ാം തീയതി നിയമസഭയിൽ സമർപ്പിച്ച നാലാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകളിന്മേലും, നിർദ്ദേശങ്ങളിന്മേലും അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 22-7-2003-ൽ സർക്കാരിലേക്ക് അയച്ചു കൊടുക്കുകയുണ്ടായി. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡ്, കേരള വനിതാ കമ്മീഷൻ എന്നീ സ്ഥാപനങ്ങളുടെ നിയമസഭയിൽ സമർപ്പിക്കേണ്ട വിവിധ റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തതു സംബന്ധിച്ച സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായിരുന്നു പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലെ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ച ശിപാർശകളിന്മേലും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച ശിപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കുകയും പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ കേരള വനിതാ കമ്മീഷനെ സംബന്ധിച്ച് സമിതി നടത്തിയ നിരീക്ഷണങ്ങളിലും ശിപാർശകളിലും നിർദ്ദേശങ്ങളിലും 11 വർഷക്കാലം ഒരു നടപടി പോലും സർക്കാർ സ്വീകരിച്ചിട്ടില്ല എന്നതിനാലും ഇതു സംബന്ധിച്ച് ഒരു മറുപടി പോലും സമിതിയുടെ പരിഗണനയ്ക്കായി ഇക്കാലയളവിൽ ലഭ്യമാക്കിയിട്ടില്ല എന്നതിനാലും ഇക്കാര്യത്തിനായി സമിതി ഒരു തെളിവെടുപ്പ് യോഗം ചേരാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിലാണ് 5-1-2015-ൽ ഇതിനുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയത് എന്നതിലുള്ള സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും ഒരു വിലയും കൽപ്പിക്കാത്ത ബന്ധപ്പെട്ട ഭരണവകുപ്പ് നിയമസഭയോട് കടുത്ത അനാദരവാണ് കാണിച്ചിരിക്കുന്നത് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ പ്രത്യേകം പരിശോധന നടത്തുമെന്നും ഈ അലംഭാവത്തിന് ഉത്തരവാദികളായവർക്കെതിരെ അന്വേഷണം നടത്തി ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

3. പൊതു ശിപാർശയായി 10-ാം ഖണ്ഡികയിൽ "വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച കത്തുകളും സ്റ്റേറ്റ്മെന്റുകളും പരിശോധിക്കവേ അവയിൽ മിക്കതും തികച്ചും അവ്യക്തവും, തീരെ നിരുത്തരവാദപരമായി തയ്യാറാക്കി അയച്ചിട്ടുള്ളതുമാണെന്നും, തികഞ്ഞ അലംഭാവത്തോടെ അയച്ചുതരുന്ന ഇത്തരം മറുപടികൾ നിയമസഭാ സമിതിയുടെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊള്ളാത്തവയാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ഈ

സമീപനത്തിൽ മാറ്റം വരുത്തുവാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും വാർഷിക റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കുവാനും ചീഫ് സെക്രട്ടറി ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകണമെന്ന് " സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നോ മറ്റ് വകുപ്പ് സെക്രട്ടറിമാരിൽ നിന്നോ സമിതിക്ക് നടപടി സ്റ്റേറ്റ്മെന്റുകളൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയുടെ ഓഫീസുൾപ്പെടെ സമിതി റിപ്പോർട്ടിനെ അവഗണിച്ചതായി കാണുന്നു.

4. <u>സമിതി റിപ്പോർട്ടുകളോടും സമിതി നിഗമനങ്ങളോടും നിർദ്ദേശങ്ങളോടും ശിപാർശകളോടും സർക്കാർ വകുപ്പുകളുടെ അവഗണനാ മനോഭാവത്തിൽ സമിതിക്കുള്ള അതൃപ്തി രേഖപ്പെടുത്തുന്നു.</u>

## അദ്ധ്യായം II

റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ നല്കിയ മറുപടിയും ചുവടെ ചേർക്കുന്നു:

ശിപാർശ (ഖണ്ഡിക നമ്പർ 7.7 എ)

## I. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

### 1. ശിപാർശ

എല്ലാ സ്ഥാപനങ്ങളും യഥാസമയം ഓഡിറ്റേഴ്സിനെ നിയമിക്കുന്നുണ്ടോ എന്ന് ഗവൺമെന്റ് അന്വേഷിക്കേണ്ടതാണ്.

(ഖണ്ഡിക നമ്പർ 7.7 എ)

### സ്വീകരിച്ച നടപടി

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ യഥാസമയം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ആഡിറ്റേഴ്സിനെ നിയമിക്കാറുണ്ട്.

### 2. ശിപാർശ

ഓഡിറ്റർമാർ സമയപരിധിക്കുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. അവ യഥാസമയം നടക്കുന്നില്ലെങ്കിൽ അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്.

(ഖണ്ഡിക നമ്പർ 7.7 ബി)

<u>സ്വീകരിച്ച നടപടി</u>

നിശ്ചിത സമയപരിധിക്കുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടതാണെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ 2001-02 വരെയുള്ള കണക്കുകളുടെ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്.

3. <u>ശിപാർശ</u>

ഏതെങ്കിലും ഒരു ഓഡിറ്റർ, ഓഡിറ്റിംഗിൽ കാലതാമസം ഉണ്ടാക്കിയാൽ തുടർന്നുള്ള വർഷങ്ങളിലെ ഓഡിറ്റിംഗിൽ കുടിശ്ശിക ഉണ്ടാകുന്നു എന്ന് പല സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന മറുപടികൾ ന്യായീകരിക്കാൻ കഴിയുന്നതല്ല, കമ്പനി ലാ ബോർഡിന്റെ നിബന്ധനയിൽ നല്ല ഉദ്ദേശത്തോടുകൂടി ഓഡിറ്റിംഗിൽ കുടിശ്ശിക വരാതിരിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള പ്രൊവിഷൻസ് പല സ്ഥാപനങ്ങളും ദുരുപയോഗം ചെയ്ത് ഓഡിറ്റിംഗിൽ മനഃപൂർവം കുടിശ്ശിക വരുത്തുന്ന അവസ്ഥ കണ്ടുവരുന്നതായും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് നീണ്ടുപോകുന്നതിനുള്ള കാരണം അന്വേഷിച്ച് അവ പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്.

(ഖണ്ഡിക 7.7 സി)

<u>സ്വീകരിച്ച നടപടി</u>

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിന് കാലതാമസമുണ്ടായതിന്റെ ഒരു പ്രധാന കാരണം കമേർഷ്യൽ അക്കൗണ്ടിംഗിലും കമ്പനി നിയമത്തിലും പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ കുറവായിരുന്നു. പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയതിനെ തുടർന്ന് ഇപ്പോൾ 2001-2002 വരെയുള്ള ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്.

4. <u>ശിപാർശ</u>

ഓഡിറ്റിംഗിന്റെ കാലതാമസത്തിന് പരസ്പരവിരുദ്ധമായ കാരണങ്ങൾ പറഞ്ഞ് സമിതിയെ തെറ്റിദ്ധരിപ്പിക്കാനാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശ്രമിച്ചതെന്ന് സമിതി കരുതുന്നു. മുൻ വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷമേ അടുത്ത വർഷത്തെ ഓഡിറ്റ് തുടങ്ങാൻ പാടുള്ളൂ എന്ന നിബന്ധന ഇല്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിലെ ഓഡിറ്റ് അപ്ഡേറ്റാക്കാൻ ബന്ധപ്പെട്ട വകുപ്പ് പ്രത്യേക നടപടി കൈക്കൊള്ളേണ്ടതാണ്.

(ഖണ്ഡിക 7.7 ഡി)

<u>സ്വീകരിച്ച നടപടി</u>

ഓഡിറ്റിംഗിന്റെ കാലതാമസത്തിന് കാരണമായി യഥാർത്ഥ വസ്തുതകൾ മാത്രമാണ് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. കോർപ്പറേഷന്റെ 2001-02 വരെയുള്ള കാലയളവിലെ കണക്കുകളുടെ ഓഡിറ്റ് ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 2002-03-ലെ കണക്കുകൾ തീർപ്പാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയുമാണ്.

5. <u>ശിപാർശ</u>

സമിതിയുടെ മേൽപ്പറഞ്ഞ ശിപാർശകൾ നടപ്പിലാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 7.7 ഇ)

<u>സ്വീകരിച്ച നടപടി</u>

ഇതിനോടകംതന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

## II. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

<u>ശിപാർശ</u>

1951-ലെ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ടിലെ വകുപ്പ് 37 (6) പറയുന്ന സി.&എ.ജി. റിപ്പോർട്ട് ഐച്ഛികമാണെങ്കിലും വകുപ്പ് 38 (3) പ്രകാരം ഈ സ്ഥാപനത്തിന്റെ ലാഭനഷ്ടക്കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും അതാത് സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം ഗവൺമെന്റിന് നൽകേണ്ടതും, ഗവൺമെന്റ് അത് സഭയിൽ സമർപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത ആക്ടിന്റെ വകുപ്പ് 37 (6) പ്രകാരം സി.&എ.ജി. ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് വകുപ്പ് 37 (7) പ്രകാരം സഭയിൽ സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടുകൾ ആക്ടിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ ഗവൺമെന്റിൽ ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടത് ധനകാര്യ വകുപ്പിന്റെ ചുമതലയാണ്. ഗവൺമെന്റിൽ ലഭിച്ച റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുക എന്നത് വകുപ്പിന് സഭയോടുള്ള ഉത്തരവാദിത്വമാണ്. പ്രസക്ത വിവരങ്ങൾ കൃത്യസമയത്ത് ലഭിക്കുക എന്നത് സഭയുടെ അവകാശമാണ്. ഓരോ വർഷത്തേയും ഓഡിറ്റ് ചെയ്ത ലാഭനഷ്ടക്കണക്കുകളും പ്രവർത്തന റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് ആക്ടിൽ വ്യക്തമായി അനുശാസിച്ചിരിക്കേ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് സമയപരിധി നിർണ്ണയിച്ചിട്ടില്ല

എന്ന് വാദമുന്നയിക്കുന്നത് നിരുത്തരവാദപരമായ സമീപനമാണ്. ഏതെങ്കിലും കാരണവശാൽ രേഖകൾ യഥാസമയം സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നാൽ അതിനു കാരണം കാണിച്ചുകൊണ്ട് സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കേണ്ടതും സമിതി അത് പരിശോധിക്കേണ്ടതും കാരണം ന്യായമാണെങ്കിൽ അത് അംഗീകരിക്കുന്നതുമാണ്. ആയതിനാൽ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് യഥാസമയം സമിതിക്ക് ലഭ്യമാക്കണമെന്നും അതിന് കാലതാമസം ഉണ്ടായാൽ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമാണ് സമർപ്പിക്കേണ്ടതെന്നും ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് ഉത്തരവാദിത്വമുള്ള ഒരു വകുപ്പിന് ഭൂഷണമല്ലെന്നും സമിതി കരുതുന്നു.

(ഖണ്ഡിക 7.15)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ 28-2-2003-ലെ 8649/സി.പി.എൽ2/02/ലെജി. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരം വാർഷിക റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിന് സമർപ്പിക്കുവാൻ കെ.എഫ്.സി.യോട് 29-4-2003-ലെ 25268/PUA1/03/Fin. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടു. അതിൻപ്രകാരം 2001-2002-ലെ വാർഷിക റിപ്പോർട്ട് 9-6-2003-ന് സർക്കാരിനു ലഭിച്ചു. പ്രസ്തുത റിപ്പോർട്ട് വിശദമായ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം 2-7-2003-ൽ 25268/PUA1/03/Fin. കത്തിനോടൊപ്പം നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുകയുണ്ടായി. സമിതിയുടെ നിർദ്ദേശപ്രകാരം വാർഷിക റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽതന്നെ നൽകുവാൻ കെ.എഫ്.സി.ക്ക് കർശന നിർദ്ദേശം നൽകുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അതിൻപടി 30-7-2003-ൽ കെ.എഫ്.സി.യുടെ വാർഷിക ജനറൽ മീറ്റിംഗ് കൂടുകയും 2002-2003-ലെ വാർഷിക കണക്കുകളും റിപ്പോർട്ടും അംഗീകരിക്കുകയുമുണ്ടായി. റിപ്പോർട്ടിന്റെ പ്രതികൾ കെ.എഫ്.സി. 2-8-2003-ന് സർക്കാരിന് ലഭ്യമാക്കുകയും അവ 69276/PUA1/03/Fin. 4-8-2003-ൽ നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുകയുമുണ്ടായി. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും സമിതി നിർദ്ദേശിച്ച പ്രകാരം സമയബന്ധിതമായിതന്നെ കെ.എഫ്.സി.യുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം 15-9-2003-ലെ 77939/PUA1/03/Fin. കത്തു പ്രകാരം കെ.എഫ്.സി. മാനേജിംഗ് ഡയറക്ടർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## III. കേരള വനിതാ കമ്മീഷൻ

വനിതാ കമ്മീഷൻ ശിപാർശകൾ ഗവൺമെന്റിൽ ലഭിച്ച് തൊട്ടടുത്ത സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കണമെന്ന് വനിതാ കമ്മീഷൻ ആക്റ്റിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇവ യഥാസമയം ഗവൺമെന്റിൽ ലഭ്യമാക്കാനോ, ഗവൺമെന്റിന് ലഭിച്ച ശിപാർശകൾ ആക്റ്റിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാനോ ബന്ധപ്പെട്ടവർ യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 7.17)

സ്ത്രീകളുടെ ക്ഷേമത്തിനായി നിലകൊള്ളുന്ന ഈ കമ്മീഷന്റെ കാലിക പ്രാധാന്യമുള്ള ശിപാർശകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് അവ യഥാസമയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ കേരള വനിതാ കമ്മീഷന്റെ ശിപാർശകളും വാർഷിക റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ന്യായമായ കാരണങ്ങളാൽ കാലതാമസം വരികയാണെങ്കിൽ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ശിപാർശകൾ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7.19)

<u>സ്വീകരിച്ച നടപടി</u>

കേരള വനിതാ കമ്മീഷൻ സർക്കാരിൽ സമർപ്പിക്കുന്ന ശിപാർശകൾ സഭയിൽ സമർപ്പിക്കുന്നതിനായി നിലവിൽ യഥാസമയം തന്നെ നടപടി സ്വീകരിക്കുന്നുണ്ട്. കേരള വനിതാ കമ്മീഷന്റെ 2012-13 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകളും നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. 2013-14 വർഷത്തെ വാർഷിക റിപ്പോർട്ട് അച്ചടിക്കുന്നതിനായി കമ്മീഷനിൽ നിന്നും ഗവൺമെന്റ് പ്രസ്സിൽ നൽകിയിരിക്കുകയാണ്. കൂടാതെ കമ്മീഷൻ പഠനം നടത്തി സമർപ്പിക്കുന്ന ശിപാർശകളും വാർഷിക റിപ്പോർട്ടുകളും യഥാസമയം സർക്കാരിൽ സമർപ്പിക്കുവാൻ കമ്മീഷൻ മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും, ആയത് യഥാസമയം അയയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുമുണ്ട്.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഫെബ്രുവരി 25.

GOVERNMENT OF KERALA

No. 77939/PUA1/2003/Fin.

Finance (PU.A) Department,
Thiruvananthapuram,
Dated 15-9-2003.

From

The Principal Secretary (Finance)

To

The Managing Director,
Kerala Financial Corporation,
Thiruvananthapuram.

Sir,

*Sub*:—KFC—Submission of Annual Report to the Government—Compliance of time limit as per SFC's Act—Regarding.

*Ref*:—4th Report of the Committee on papers laid on the table of the Legislature.

The Committee on Papers Laid on the table of the Kerala Legislative Assembly in it's 4th report has expressed strong exceptions to the delay in submitting the Annual Report of Kerala Financial Corporation. Hence forth you are requested to take steps to furnish the required copies of the Annual Report and Accounts as per Section 38(2) of the State Financial Corporations Act well before the stipulated four months time, so that the Government can lay the same before the legislature in time. Any failure in this regard will be viewed very seriously by Government.

Yours faithfully,

O. A. SUKUMARAN,
*Additional Secretary,*
*for Principal Secretary (Finance).*